

# വേണ്ടത് നദീബന്ധനമല്ല, മഴക്കൊയ്ത്ത്

ഭരത് ദോഗ്ര
*(വിവർത്തനം : ഇയാസ് അഹമ്മദ്)*

രൂക്ഷമായ ജലക്ഷാമം നേരിടുന്ന രാജ്യങ്ങൾക്കൊപ്പമാണ് ഇന്ന് ഇന്ത്യയും. ദാഹശമനത്തിന് പരിമിതമായ ജലം പോലും കിട്ടാൻ സാധ്യതയില്ലാത്ത ഒരു ജനതയായി മാറുകയാണ് നാം. കുടിവെള്ളത്തിന്റെ അഭാവം കൊണ്ട് കുടിയേറ്റത്തിന് നിർബ്ബന്ധിതമാകുന്ന ഗ്രാമീണരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. കുടിവെള്ള പ്രശ്നം നഗരങ്ങളിൽ വല്ലപ്പോഴുമെങ്കിലും കലാപത്തിന് കാരണമാകുന്നുമുണ്ട്.

നമ്മുടെ മിക്ക നദികളും ഇപ്പോൾ മലിനീകരിക്കപ്പെടുകയോ വറ്റിവരളുകയോ ചെയ്തിരിക്കുന്നു. അപകടകരമാംവിധം മിക്ക പ്രദേശങ്ങളിലും ഭൂജലനിരപ്പ് താഴ്ന്നിട്ടുണ്ട്.

കഴിഞ്ഞ ദശകങ്ങളിൽ ജലവിതരണ പദ്ധതികൾക്കും ഡാമുകൾക്കുമായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ജലക്ഷാമം വർദ്ധിക്കുകയാണ്. അതേ സമയം ജലസംരക്ഷണത്തിനുള്ള ചെലവ്കുറഞ്ഞ പദ്ധതികൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. മഴവെള്ള ശേഖരണ പദ്ധതിമാത്രം മതി ഇതിനുദാഹരണത്തിന്. എന്നാൽ ഏതാനും സന്നദ്ധ സംഘടനകളും ചില ഗ്രാമീണ ജനവിഭാഗങ്ങളും ജലസംരക്ഷണത്തിന് സ്വന്തം നിലയിൽ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ പ്രകൃതിദത്തമായ നീരുറവകളെ നശിപ്പിക്കുന്ന കുറ്റകരമായ പ്രവണതകൾക്കും ദാരുണമായ അനാസ്ഥക്കും ഇതു പകരമാകുന്നില്ല.

ജലലഭ്യതപരിമിതി പരിഗണിക്കാതെ അമിതമായ ജലവിനിയോഗമാണ് ചില പ്രദേശങ്ങളിലെങ്കിലും ജലക്ഷാമത്തിന് കാരണമാകുന്നത്. ഹരിതവിപ്ലവത്തിന്റേയും ആധുനിക കാർഷിക രീതിയുടേയും പേരിലാണ് ഇത് പലപ്പോഴും സംഭവിച്ചിട്ടുള്ളത്. ഭക്ഷ്യക്ഷാമമല്ല, മറിച്ച് സമ്പന്ന ഭൂവുടമകളുടെ അത്യാർത്തി പരിഹരിക്കാനാണ് ഇത്തരം 'വിപ്ലവങ്ങളെന്നത് ബോധപൂർവ്വം മറച്ചുവെക്കപ്പെടുകയും ചെയ്തു. സർക്കാരിന്റെ ഇതേ നയം തന്നെയാണ് പരമ്പരാഗത വ്യവസായങ്ങളെ തകർത്തെറിഞ്ഞു കൊണ്ട് ഗ്രാമീണ മേഖലകളിൽ നടന്ന വ്യവസായവൽക്കരണത്തിലും ആവർത്തിക്കപ്പെട്ടത്. വ്യാവസായികാവശ്യത്തിന് ജലസ്രോതസ്സുകളുടെ അമിതോപയോഗം നടന്നപ്പോൾ തദ്ദേശീയർതക്ക് കുടിവെള്ളമെന്ന അടിസ്ഥാനാവശ്യം നിരാകരിക്കപ്പെട്ടു.

സർക്കാരിന്റെ തെറ്റായ ഈ നടപടികൾ ജലലഭ്യതയുടെ എല്ലാ ഉറവകളും നഷ്ടപ്പെടുത്തും. നാം മാത്രം അനുഭവിക്കാൻ പോകുന്ന-അനുഭവിക്കുന്ന-പ്രതിസന്ധിയാകില്ല ഇത് സൃഷ്ടിക്കുക. സർക്കാർ തുടരുന്ന തെറ്റായ ജലനയം തിരുത്തുന്നില്ലെങ്കിൽ ഭാവി തലമുറ നേരിടേണ്ടി വരുന്ന ജലക്ഷാമം ഭയാനകമായിരിക്കും.

നിർഭാഗ്യവശാൽ ഭാരത സർക്കാരും ജല അതോറിറ്റികളും തെററുകൾ തിരുത്താൻ തയ്യാറാകുന്നില്ല. മാത്രമല്ല ജലക്ഷാമം പരിഹരിക്കാനെന്ന വ്യാജേന കൂടുതൽ തെറ്റുകളിലേക്കാണ് അവർ നീങ്ങിക്കൊണ്ടിരിക്കുന്നത്. അവരുടെ ഇപ്പോഴത്തെ ഏറ്റവും പ്രിയങ്കരമായ പദ്ധതി നദീജല സംയോജനമാണ്. ഇന്ത്യയിലെ പ്രധാന നദികളെല്ലാം കൂട്ടിയോജിപ്പിക്കുക. രണ്ടു പതിറ്റാണ്ടുകൊണ്ട് 30 സ്ഥലത്ത് 'കൂട്ടി യോജിപ്പിക്കൽ' പദ്ധതി നടപ്പാക്കുന്ന പരിപാടിക്കാണ് ലക്ഷ്യമിടുന്നത്. 100 ബില്ല്യൻ അമേരിക്കൻ ഡോളർ ചെലവാകുമെന്നാണ് പ്രതീക്ഷ. (ഇതിന്റെ മൂന്നിരട്ടിയെങ്കിലും ചെലവാക്കേണ്ടി വരുമെന്ന് കഴിഞ്ഞ പദ്ധതികളെ അവലോകനം ചെയ്താൽ ഊഹിക്കാം).

വൻ അണക്കെട്ടുകളുടേയും കനാലുകളുടേയും നിർമ്മാണത്തിൽ ലോകരാജ്യങ്ങളിൽ മുൻനിരയിലാണ് ഇന്ത്യ. ഓരോ വൻ അണക്കെട്ടുകളുടെയും നിർമ്മാണം നൽകിയിട്ടുള്ള അനുഭവങ്ങൾ സമാനങ്ങളാണ്. ലക്ഷക്കണക്കിന് മനുഷ്യരാണ് ഡാമുകളുടെ പേരിൽ മാത്രം അവരുടെ അധിവാസ ഭൂമികളിൽ നിന്നും കുടിയിറക്കപ്പെട്ടിട്ടുള്ളത്. (അഞ്ചു കോടിയിലധികം ജനങ്ങൾ ഡാമുകളുടെ പേരിൽമാത്രം ഇതുവരെ കുടിയിറക്കപ്പെട്ടിട്ടുണ്ട്. പര്യാപ്തമാംവിധം ഇവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടില്ല) വ്യാപകമായ രീതിയിൽ ഓരോ ഡാമുകളും നമ്മുടെ വന ആവാസ വ്യവസ്ഥയെ തകർത്തിട്ടുണ്ട്. 'എത്രയോ ജന്തു വൈവിധ്യങ്ങൾ അന്യം നിന്ന് പോകാൻ ഡാമുകൾ കാരണമായി. ജലക്ഷാമവും വെള്ളപ്പൊക്കവും കൊണ്ടുവരുന്നതിലും ഡാമുകളുടെ പങ്ക് തള്ളിക്കളയാനാകില്ല. ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ചും ആശങ്ക വളരുകയാണ്. ഇന്ത്യയിലെ നിരവധി ഡാമുകൾ ഇപ്പോൾ അപകടഭീഷണി ഉയർത്തുന്നുണ്ട്. കനാലുകളുടെ നിർമ്മാണവും ഇത്തരം പ്രത്യാഘാതങ്ങൾ തന്നെ ആവർത്തിക്കുന്നു. ലക്ഷ്യമിടുന്ന മൂന്നിലൊന്നു പോലും സാധ്യമാക്കാൻ നമ്മുടെ കനാലുകൾക്ക് കഴിഞ്ഞിട്ടില്ല. എന്നിട്ടും കനാലുകൾ വിമർശിക്കപ്പെടുന്നത്. സാമ്പത്തിക കാരണങ്ങൾ കൊണ്ടുമാത്രമാണ്. കനാലുകൾ ഉയർത്തുന്ന സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ അപ്പോഴും അവഗണിക്കപ്പെടുന്നു.

നമ്മുടെ ഓരോ വൻപദ്ധതികളും ആരംഭിക്കുന്നതിന് മുമ്പ് അവയുടെ ഉപയുക്തതയെക്കുറിച്ച് അന്വേഷിക്കുന്നതിന് നമുക്ക് മതിയായ സമയം ലഭിച്ചിരുന്നു. എന്നാൽ നമ്മുടെ ഇപ്പോഴത്തെ ഭീമൻ പദ്ധതിയെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വളരെ കുറച്ച് സമയമാണ് ലഭിക്കുന്നത്. നദീജല സംയോജന പദ്ധതി

സർക്കാർ അവകാശപ്പെടുന്നതുപോലെ ഒരു ഭീമൻ പദ്ധതി തന്നെയാണ്. മുപ്പത് നദികളുടെ കൂട്ടിയോജിപ്പിക്കൽ മാത്രമല്ല ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിരവധി വമ്പൻ അണക്കെട്ടുകളും അനുബന്ധമായി കനാലുകളുടെ ശൃംഖലയും ഉൾക്കൊള്ളുന്നതാണ് ഈ പദ്ധതി.

കുറച്ചുകാലം മുമ്പുവരെ ദേശീയ ജലനയത്തിൽ ഈ പദ്ധതി കടന്നു വന്നിരുന്നില്ല. അടുത്ത കാലത്ത് തയ്യാറാക്കപ്പെട്ട ജലനയങ്ങളിൽ പോലും നദീജല സംയോജനത്തെക്കുറിച്ച് സൂചനകളില്ല.

യഥാർത്ഥത്തിൽ നമുക്ക് ശരിയായ രീതിയിലുള്ള ഒരു ദേശീയ ജലനയമില്ല. അതുകൊണ്ട് തന്നെ ഈ പദ്ധതിക്ക് വേണ്ടി തയ്യാറെടുപ്പുകളും നടന്നില്ല. 30 എണ്ണത്തിൽ ഒന്നുപോലും ശരിയായ വിധത്തിൽ അവലോകനം ചെയ്യപ്പെട്ടില്ല. സ്വതന്ത്ര ഏജൻസികളെയോ വ്യക്തികളെയോ, പദ്ധതി നടപ്പാക്കുകയാണെങ്കിൽ നേരിട്ട് അതിന് ഇരകളാവുന്ന ജനങ്ങളുമായോ സർക്കാർ ഇതുവരെ ഒരു തുറന്ന സംവാദത്തിന് തയ്യാറായിട്ടില്ല.

'ആദ്യം അനുമതി' പിന്നെ 'അവലോകനം' എന്ന നിലപാടാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കാര്യമായ പഠനങ്ങൾക്ക് ശേഷം നടപ്പാക്കിയ മുൻപദ്ധതികൾ സൃഷ്ടിച്ച കെടുതികൾ നമ്മുടെ മുന്നിലുള്ളപ്പോൾ ധൃതിപിടിച്ച് നടത്തിയ പഠനത്തിന് ശേഷം 'എടുത്ത് ചാടി' നടപ്പാക്കുന്ന ഈ പദ്ധതി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഊഹിക്കാവുന്നതിനപ്പുറമായിരിക്കും. കൂട്ടമായി നടത്തുന്ന കുടിയൊഴിപ്പാക്കലുകൾ സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ രൂക്ഷമായിരിക്കും. (പാരിസ്ഥിതിക പ്രശ്നത്തെ ഒഴിവാക്കിയാൽ പോലും) 30 വമ്പൻ പദ്ധതികളാണ് രണ്ടു പതിറ്റാണ്ടിനുള്ളിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. (ഇത് അപ്രായോഗികമായ ഒരു ലക്ഷ്യമാണെന്ന് കണക്കുകൂട്ടപ്പെടുന്നു). എല്ലാം ഏറ്റവും വേഗതയിൽ നടപ്പാകുമെന്നാണ് പദ്ധതി കാലയളവ് സൂചിപ്പിക്കുന്നത്. ഇതിനർത്ഥം പദ്ധതിമൂലം കുടിയൊഴിപ്പിക്കപ്പെടുന്ന ജനങ്ങളുടെ 'പുനർവാസ'ത്തിനുള്ള സമയവും ലഘൂകരിക്കപ്പെടുന്നുവെന്നാണ്. 'പുനരധിവാസ'മല്ല ഇവിടെ 'പുനർവാസം' കൊണ്ട് അർത്ഥമാക്കുന്നത്.

അടുത്ത കാലത്ത് കൊണ്ടുവന്ന അറിയാനുള്ള സ്വാതന്ത്ര്യ (Freedom of Information law) ത്തിനുള്ള നിയമം വളരെ വ്യക്തമായി പറയുന്നത്, 'ഭരണകൂടം ഏതെങ്കിലും പദ്ധതികൾ കൊണ്ടുവരുമ്പോൾ, പദ്ധതി ബന്ധിത പ്രദേശത്തെ ജനങ്ങൾക്ക് പദ്ധതി സംബന്ധിച്ച് ലഭ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കണമെന്നാണ്.' അടിസ്ഥാനപരമായ സാമൂഹിക നീതിയും ജനാധിപത്യവും ഉറപ്പാക്കുന്നതിന് ഇത് അനിവാര്യമാണെന്ന് നിയമം ചൂണ്ടിക്കാട്ടുന്നു. ജനങ്ങളെ ബാധിക്കുന്ന ഏതെങ്കിലും നയങ്ങളൊ തീരുമാനങ്ങളൊ പ്രഖ്യാപിക്കുമ്പോൾ അതു സംബന്ധിച്ച് എല്ലാ സുപ്രധാന വസ്തുതകളും ഭരണകൂടം ജനങ്ങൾക്ക് ലഭ്യമാക്കണമെന്നും (പ്രസിദ്ധീകരിക്കണമെന്നും) നിയമം അനുശാസിക്കുന്നു. മാത്രമല്ല തീരുമാനം ബാധിക്കുന്ന ജനങ്ങളെ അതിന്റെ കാരണങ്ങൾ അറിയിക്കാനുള്ള ബാധ്യതയും ഭരണകൂടത്തിനുണ്ട്.

ഈ നിയമം 2002 ഡിസംബറിലാണ് പാർലമെന്റ് പാസ്സാക്കിയതെങ്കിലും ഇതുവരെ ഈ നിയമത്തെക്കുറിച്ചുള്ള നോട്ടിഫിക്കേഷൻ പോലും സർക്കാർ നടത്തിയിട്ടില്ല.

എന്നാൽ യഥാർത്ഥ വസ്തുത നദീസംയോജന പദ്ധതി നേരിട്ട് ബാധിക്കുന്ന ലക്ഷക്കണക്കിന് മനുഷ്യർക്ക് പദ്ധതി സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ലെന്നതാണ്. പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ കുടിയൊഴിയപ്പെടേണ്ടവരാണ് ഇതിലേറെയും.

മുമ്പ് നടപ്പാക്കപ്പെട്ട ജലപദ്ധതികളിൽ നിന്ന് വിഭിന്നമായി നദീ സംയോജന പദ്ധതിക്ക് മറ്റൊരു പ്രതിസന്ധി കൂടിയുണ്ട്. ഭൂവിതാനത്തിലെ ഉയർച്ച താഴ്ചകളെ മറികടക്കുന്നതിന് മല നിരകളും പീഠഭൂമികളും പദ്ധതി നടത്തിപ്പിന് വിഘാതമാകും. ഒരു നദീജലപ്രവാഹത്തെ അപ്പടി തന്നെ ഉയർന്ന വിതാനത്തിലെത്തിക്കുന്നതിന് പമ്പു ചെയ്യുകയോ; ടണൽ നിർമ്മിക്കുകയോ വേണ്ടിവരും. ഇതിന് പദ്ധതി ഫണ്ട് ധൂർത്തടിക്കേണ്ടി വരുമെന്ന് മാത്രമല്ല, ഏറെ അദ്ധ്വാനവും വേണ്ടിവരും.

നദീ സംയോജന പദ്ധതി സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഇതിന് പുറമേയാണ്. ഓരോ നദിയുടേയും ജലത്തിന്റെ സ്വഭാവവിശേഷങ്ങൾ തികച്ചും വിഭിന്നമാണ്. നദി ബന്ധിതമായ ജീവഘടനയിലും സ്വാഭാവികമായ വൈവിധ്യമുണ്ട്. രണ്ടു നദികളിലെ വിഭിന്ന സ്വഭാവഘടനയുള്ള ജലം സംയോജിക്കുമ്പോൾ തികച്ചും വ്യത്യസ്തമായ മറ്റൊരു സ്വഭാവഘടനയാകും സംജാതമാകുന്നത്. നദീസംബന്ധമായ ജീവഘടനയിൽ ഇത് സൃഷ്ടിച്ചേക്കാവുന്ന പ്രത്യാഘാതങ്ങൾ പ്രവചനാതീതമാണ്.

മറ്റൊന്ന്, ഒരു നദിയിലെ വെള്ളം പങ്കുവെക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്ന വിവാദവും കലാപവും നമുക്ക് പരിചിതമാണ്. നിരവധി നദികളിൽ നിന്ന് രണ്ടോ മൂന്നോ സംസ്ഥാനങ്ങൾ അല്ലെങ്കിൽ രാഷ്ട്രം തന്നെ വെള്ളം പങ്കിട്ടെടുക്കുമ്പോൾ സംജാതമാകാൻ സാധ്യതയുള്ള വിവാദങ്ങളും കലാപങ്ങളും നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. പദ്ധതിയുമായി മുന്നോട്ട് പോകുകയാണെങ്കിൽ നിരവധി അന്തർസംസ്ഥാന തർക്കങ്ങൾ കാരണമാകുമെന്ന് മാത്രമല്ല മറുവശത്ത് വിഭിന്ന പ്രദേശങ്ങളിലേയും സംസ്ഥാനങ്ങളിലേയും ജനങ്ങൾ തമ്മിലുള്ള മെച്ചപ്പെട്ട ബന്ധവും നഷ്ടമാകും.

പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമുഖ പ്രശ്നങ്ങൾ ഉദയം ചെയ്യുമെന്നി





രിക്കെ, സർക്കാരും ജലഅതോറിറ്റിയും പദ്ധതി നടപ്പാക്കാൻ വാശി പ്രകടിപ്പിക്കുന്നതെന്തുകൊണ്ടാണ്.

എതിർപ്പുകളൊന്നുമില്ലാതെയാണ്. അടുത്ത കാലം വരെ ഭീമൻ അണക്കെട്ടുകളും ഭീമൻ ജലവിതരണ പദ്ധതികളും നടപ്പാക്കപ്പെട്ടത്. പദ്ധതികൾ മൂലം കുടിയിറക്കപ്പെട്ട ജലതകളിൽ നിന്നുപോലും കാര്യമായ എതിർപ്പ് സർക്കാരിനോ ഭീമൻ പദ്ധതികളുടെ നടത്തിപ്പുകാർക്കോ നേരിടേണ്ടി വന്നില്ല. ''ദേശീയതാൽപ്പര്യത്തിന്റെ പേരിൽ അവർ നിശബ്ദരാകുകയോ നിശബ്ദമാക്കപ്പെടുകയോ ചെയ്യുകയായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ ഈ നിശബ്ദതക്കു മാറ്റം വന്നു. കുടിയിറക്കപ്പെടുന്നവരുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള നിരവധി ജനകീയ മുന്നേറ്റങ്ങൾക്ക് കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾ സാക്ഷിയായി. പദ്ധതികൾക്ക് പിന്നിലുള്ള ലക്ഷ്യങ്ങൾ ചോദ്യം ചെയ്യപ്പെടാനാരംഭിച്ചു. അക്കാദമിക് പണ്ഡിതന്മാരും നിരവധി എഞ്ചിനീയർമാരും പദ്ധതികളുടെ ദേശീയ താൽപ്പര്യത്തിന് വെല്ലുവിളിയുയർത്തി. ഓരോ വമ്പൻ പദ്ധതികളുടേയും പിന്നാമ്പുറങ്ങളിൽ നടക്കുന്ന അഴിമതികളും കൃത്രിമത്വങ്ങളും മാധ്യമങ്ങളിലൂടെ പുറത്തു വരാനാരംഭിച്ചു. ലോക പരിസ്ഥിതി സംഘടനകളും പദ്ധതി നടത്തിപ്പുകൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പഠനവിധേയമാക്കുകയും പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്തു.

ഇങ്ങനെ വിവിധ വശങ്ങളിൽ നിന്ന് വമ്പൻ പദ്ധതികൾക്കെതിരെ എതിർപ്പ് ശക്തമായപ്പോഴാണ് ജല അതോറിറ്റി പുതിയ കുറുക്ക് വഴി കണ്ടെത്തിയിരിക്കുന്നത്. നിരവധി പദ്ധതികൾ ഒറ്റ കുടക്കീഴിൽ കൊണ്ടു വരിക - മെച്ചപ്പെട്ട മുദ്രാവാക്യത്തോടെ - (നദീ സംയോജന പദ്ധതിയുടെ ഒരു മുദ്രാവാക്യം ശ്രദ്ധിക്കുക : വെള്ളപ്പൊക്കക്കെടുതികൾക്ക് പരിഹാരം.)

പദ്ധതിയുടെ പ്രചരണത്തിന് ആധുനികവും വിപുലവുമായ മാർക്കറ്റിംഗ് സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. പദ്ധതി സൃഷ്ടിക്കുന്ന സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഉയർന്ന് വരാവുന്ന ജനകീയപ്രതിരോധത്തെ തടഞ്ഞു നിർത്താൻ ഈ പ്രചരണങ്ങൾക്ക് ഒരു പരിധിവരെ കഴിഞ്ഞേക്കും.

അപ്പോഴും ഒരു യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. നദീ സംയോജന പദ്ധതിക്ക് വേണ്ടി ചെലവിടുന്ന തുകയുടെ മൂന്നിലൊന്നെങ്കിലും മഴവെള്ള ശേഖരണ - സംരക്ഷണ പദ്ധതികൾക്ക് വേണ്ടി ഉപയോഗപ്പെടുത്തിയാൽ നാം നേരിടുന്ന ജലപ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിയും. അതോടൊപ്പം വെള്ളപ്പൊക്ക ദുരിതങ്ങൾക്ക് അറുതി വരുത്താനും സാധിക്കും. നമുക്ക് നദീ സംയോജന പദ്ധതി സൃഷ്ടിക്കുന്ന സാമൂഹിക - പാരിസ്ഥിതിക പ്രശ്നങ്ങളെ ഒഴിവാക്കാനാകില്ലേ?

